## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1772 | 08.06.2018-ൽ മറുപടിയ്ക്ക് |
|---|---|
| **മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടി** | |
| **ചോദ്യം** | **ഉത്തരം** |
| ശ്രീ.റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>,, സി.എഫ്.തോമസ്<br>ഡോ.എൻ.ജയരാജ് | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാലിന്യനിർമ്മാർജ്ജനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മാലിന്യനിർമ്മാർജ്ജനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്<br>1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ ജനപങ്കാളിത്തത്തോടെ ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മിഷൻ മാതൃകയിൽ സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകി അതിൻ പ്രകാരം പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി വരുന്നുണ്ട്.<br>2. അഴുകുന്ന ജൈവമാലിന്യങ്ങൾ ഉത്പാദകന്റെ ഉത്തരവാദിത്വത്തിൽ പരമാവധി ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് വേണ്ട സാങ്കേതിക സംവിധാനങ്ങളും അവയുടെ യൂണിറ്റ് നിരക്കുകളും ശുചിത്വ മിഷൻ മുഖേന നിശ്ചയിച്ച ഉത്തരവുകൾ നൽകിയിട്ടുണ്ട്.<br>3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്റ്റ് നിർവഹണ പ്രക്രിയയെ സഹായിക്കുന്നതിലേക്ക് മാലിന്യസംസ്കരണ മേഖലയിൽ ശേഷിയുള്ള സർവീസ് പ്രൊവൈഡർമാരെയും അക്രഡിറ്റഡ് ഏജൻസികളെയും കണ്ടെത്തി ഉത്തരവ് നൽകിയിട്ടുണ്ട്.<br>4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണ മേഖലയിൽ വേണ്ട സാങ്കേതിക പിന്തുണ നൽകുന്നതിനും സംസ്ഥാന കേന്ദ്ര സർക്കാർ പദ്ധതികളുടെ ഭാഗമായ സാമ്പത്തികം ലഭ്യമാക്കുന്നതിനും ശുചിത്വ മിഷൻ മുഖേന നടപടി സ്വീകരിച്ച് വരുന്നുണ്ട്.<br>5. ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ തലങ്ങളിൽ വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ച് മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ ചിട്ടയാക്കുന്നതിന് ഹരിതകർമ്മസേന രൂപീകരിക്കുവാൻ നിർദ്ദേശിച്ചു. ഇതിൻ പ്രകാരം 878 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത കർമ്മസേന രൂപീകരിച്ചു. ബാക്കിയുള്ള സ്ഥാപനങ്ങളിൽ രൂപീകരണനടപടി പുരോഗതി യിലാണ്.<br>6.ഹരിത കർമ്മസേനക്കാവശ്യമായ പരിശീലനം സംഘടിപ്പിച്ചുകഴിഞ്ഞു.<br>7.ഹരിത കർമസേനയുടെ പ്രവർത്തനം സുഗമമാക്കുന്നതിനുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട്, ഹരിത |

| | | | |
|---|---|---|---|
| | | | സഹായ സ്ഥാപനങ്ങൾക്കുള്ള ചെലവുകൾ സംബന്ധിച്ച ഫെസിലിറ്റേറ്റിങ്ങ് സർക്കാർ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.<br>8. ഹരിതകർമസേനയ്ക്കുവേണ്ട സാങ്കേതിക സഹായം ക്ലസ്റ്ററടിസ്ഥാനത്തിൽ നൽകുന്നതിന് ഹരിതസഹായ സ്ഥാപനങ്ങളെ കണ്ടെത്തുകയും അവർക്ക് ഉത്തരവാദിത്വം നൽകുവാനും നടപടിയെടുത്തിട്ടുണ്ട്.<br>9. ത്രിതലപഞ്ചായത്തുകൾ തങ്ങളുടെ വാർഷിക പദ്ധതിയുടെ പൊതുവിഭാഗം വികസന ഫണ്ടിന്റെ 10% ഉം മുനിസിപ്പാലിറ്റികളും, മുനിസിപ്പൽ കോർപ്പറേഷനുകളും തങ്ങളുടെ വാർഷിക പദ്ധതിയുടെ പൊതുവിഭാഗം വികസന ഫണ്ടിലെ 15% മാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് മുൻഗണനനൽകി ഹരിത കേരള മിഷന്റെ പ്രോജക്ടുകൾ ഏറ്റെടുക്കണമെന്ന് നിശ്ചയിച്ച് ഉത്തരവ് നൽകി. അതിൻ പ്രകാരം പ്രോജക്ടുകൾ 2017-18 വാർഷിക പദ്ധതി മുതൽ ഏറ്റെടുത്തിട്ടുണ്ട്.<br>10. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ ഹരിതകർമ്മസേന നേരിട്ട് ശേഖരിക്കുന്ന അജൈവ മാലിന്യം സുരക്ഷിതമായി സംസ്കരിക്കപ്പെടുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ വേണ്ട മാനേജ്മെൻറ് പിന്തുണ നൽകുന്നതിന് ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>11. എല്ലാ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിലും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയും, ക്ലസ്റ്റർ അടിസ്ഥാനത്തിൽ റിസോഴ്സ് റിക്കവറി ഫെസിലിറ്റിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. (ഇതിനകം 274 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും 91 റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും സ്ഥാപിച്ചിട്ടുണ്ട്).<br>12.മാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന വേസ്റ്റ്-ടു-എനർജി പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പകർച്ചവ്യാധികൾ പടരുന്ന സാഹചര്യം ഒഴിവാക്കാനായി മഴക്കാലത്തിനുമുൻപ് എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; | (ബി) | സംസ്ഥാനത്ത് 2018 വർഷത്തിൽ പകർച്ചപനി വ്യാപനം തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ആരോഗ്യവകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് സംയുക്തമായി ബന്ധപ്പെട്ട ഇതര വകുപ്പുകളുടേയും, ഏജൻസികളുടേയും, മിഷനുകളുടേയും നേതൃത്വത്തിൽ ബഹുജന പ്രസ്ഥാനങ്ങളെ ഏകോപിപ്പിച്ച് ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ വളരെ ഊർജ്ജിതമായി നടത്തി വരുന്നു. പ്രവർത്തനങ്ങൾ ചിട്ടയായി നടത്തുന്നതിലേയ്ക്കുള്ള സർക്കാർ നിർദ്ദേശങ്ങൾ സമയബന്ധിതമായി പുറപ്പെടുവിച്ചിരുന്നു. (നം. 17/ഡിസി/2018/തസ്വഭവ തീയതി 22.01.2018, നം233/ഡിസി1/ 18/തസ്വഭവ തീയതി 28.04.2018, 720/ഡിസി1/18/തസ്വഭവ തീയതി 22.05.2018, |

| | | | |
|---|---|---|---|
| | | | ഡിസി1/78/2018/തസ്വഭവ തീയതി 31.05.2018). ഇതിൻപ്രകാരം ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളുടെ നേതൃത്വത്തിൽ ഫീൽഡുതല പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സംഘടിപ്പിച്ചുവരുന്നുണ്ട്. വാർഡുതല ശുചിത്വാരോഗ്യ പോഷണ സമിതികൾ ചേരുകയും സന്നദ്ധ പ്രവർത്തകരും ഉദ്യോഗസ്ഥരും ഉൾക്കൊണ്ട സ്ക്വാഡുകൾ രൂപീകരിക്കുകയും ഗൃഹസന്ദർശനം നടത്തുകയും ചെയ്തിട്ടുണ്ട്. ശുചിത്വമാപ്പിംഗ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ മൈക്രോപ്ലാൻ തയ്യാറാക്കിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. ഗ്രാമ/വാർഡു സഭകളിലും, കുടുംബശ്രീ അയൽക്കൂട്ടങ്ങളിലും ഈ വിഷയം ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ജനങ്ങളുടെ ആശങ്ക അകറ്റാൻ വേണ്ടി വിവര-വിജ്ഞാന-വ്യാപന പ്രവർത്തനങ്ങളും സംഘടിപ്പിച്ചുവരുന്നു. സർക്കാർതലത്തിൽ തദ്ദേശസ്വയംഭരണ മന്ത്രി നേരിട്ടും, ബന്ധപ്പെട്ട വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിമാരും, ജില്ലകളിൽ ചുമതലയുള്ള മന്ത്രിമാരും, ജില്ലാ കളക്ടർമാരും, തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും, ഉദ്യോഗസ്ഥതലത്തിലും നടത്തി വരുന്ന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്ത് വരുന്നുണ്ട്. |
| (സി) | പകർച്ചവ്യാധികൾ തടയുന്നതിനായി ആരോഗ്യവകുപ്പുമായി ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ? | (സി) | നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളും, ആരോഗ്യവകുപ്പുമായി ചേർന്ന് ഇതര വകുപ്പുകൾ, ഏജൻസികൾ, ബഹുജന സംഘടനകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ പങ്കാളിത്തത്തോടെ ഫീൽഡ് തല പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ